പുതിയ നയത്തിൽ തീരുമാനിച്ചിട്ടുണ്ട്. ബാർ ലൈസൻസുകൾ നൽകാവുന്ന എല്ലാ പ്രദേശങ്ങളിലും മൂന്നും അതിനു മുകളിലുമുള്ള സ്റ്റാർ ഹോട്ടലുകൾക്ക് ബിയർ പാർലർ ലൈസൻസ് നൽകാൻ പുതിയ അബ്കാരി നയത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി

*11 [162] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) 1991-1992 മുതൽ നടപ്പാക്കിവരുന്ന ദേശീയ ഭവന നിർമ്മാണ പദ്ധതിക്കുപുറമേ 2004-2005 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അധിക ധനസഹായമായി ലഭിച്ച 15 കോടി രൂപയിൽ 10 കോടി രൂപ ഉപയോഗിച്ച് ഒരു പുതിയ ഭവനനിർമ്മാണ പദ്ധതികൂടി നടപ്പിലാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി അനുസരിച്ച് 2500 മത്സ്യത്തൊഴിലാളികൾക്ക് 40,000 രൂപ വീതം ഭവനനിർമ്മാണ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

കുടിവെള്ളം ശുദ്ധീകരിക്കുന്നതിന് നടപടി

*12 [163] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
„ *സി. ടി. അഹമ്മദ് അലി:*
„ *ടി. പി. എം. സാഹിർ:*
„ *കെ. എൻ. എ. ഖാദർ:*
„ *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശരിയായ രീതിയിൽ ശുദ്ധീകരിച്ച കുടിവെള്ളം പൈപ്പിലൂടെ വീടുകളിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കുടിവെള്ളം വിതരണം ചെയ്യുന്നതിനിടയിൽ മാലിന്യം കലരുന്നില്ലെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ മുൻകരുതലുകൾ എടുത്തിട്ടുണ്ട്;

(സി) വീടുകളിലെ പൈപ്പു തുറക്കുമ്പോൾ കലങ്ങിയ വെള്ളവും മറ്റ് പാഴ് വസ്തുക്കളും വരുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ ഇൻഫിൽട്രേഷൻ ഗാലറിവഴി എടുക്കുന്ന ജലം ബ്ലീച്ചിംഗ് പൗഡർ കലർത്തിയും, പട്ടണങ്ങളിൽ സാമ്പ്രദായികമായ ശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ചും ആണ് ജല അതോറിറ്റി ശുദ്ധജലം പൈപ്പുകളിൽകൂടി വീടുകളിൽ എത്തിക്കുന്നത്. ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ എല്ലാ ശുദ്ധീകരണ ശാലകളിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ജലവിതരണ കുഴലുകളിലൂടെയും പൊതു വിതരണ ടാപ്പുകളിലൂടെയും വിതരണം ചെയ്യുന്ന ജലം വിതരണഘട്ടത്തിൽ അശുദ്ധമാകുന്നുണ്ടോ എന്ന് പരിശോധിക്കാൻ എല്ലാ പ്രദേശങ്ങളിൽ നിന്നും നിശ്ചിത ഇടവേളകളിൽ സാമ്പിളുകൾ ശേഖരിക്കുകയും അവയെ ഭൗതികം, രാസികം, ജൈവികം എന്നീ മൂന്ന് തരത്തിലുള്ള പരിശോധനകൾക്ക് വിധേയമാക്കുകയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഓഫീസുകളിൽ യഥാസമയം നൽകുകയും ചെയ്യുന്നുണ്ട്. ഇതിലേക്കായി കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലബോറട്ടറികളും അവയുടെ മേൽനോട്ടം വഹിക്കുന്നതിനായി അഞ്ച് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ ഓഫീസുകളും നിലവിലുണ്ട്. ഈ സബ് ഡിവിഷനുകളുടെ മേൽനോട്ടം തിരുവനന്തപുരം, ആലുവ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഡിവിഷനുകൾ വഹിക്കുന്നു.

(ബി) കുടിവെള്ള വിതരണ പൈപ്പുകളും മലിനജലപൈപ്പുകളും കുറുകെ കടക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണ പൈപ്പുകൾ മലിനജല പൈപ്പ് ലൈനുകളുടെ മുകളിലൂടെ സ്ഥാപിക്കുന്നതുവഴി മലിനജലം ശുദ്ധജലത്തിൽ കലരുന്നത് തടയപ്പെടുന്നു. ഓടകളും മറ്റും മറികടക്കുന്നതിനായി വിതരണ പൈപ്പുകളുടെ സംരക്ഷണത്തിന് കേയ്സിംഗ് പൈപ്പുകൾ ഉപയോഗിക്കുന്നു. കൂടാതെ വിതരണ ശൃംഖലയുടെ പൊതു ടാപ്പുകളിൽ നിന്നും സമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ പരിശോധന നടത്തി മലിനജലം കലർന്നിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നു.

(സി) പ്രത്യേക വാൽവ് (സ്കവർ വാൽവ്) സംവിധാനംവഴി കലങ്ങിയ വെള്ളം ഒഴുക്കിക്കളയാറുണ്ട്. പാഴ്വസ്തുക്കളും മറ്റും വാട്ടർ മീറ്റർ വഴി കടന്നുപോകാത്തതിനാൽ അവ വീടുകളിൽ ജല അതോറിറ്റിയുടെ പൈപ്പുകൾ വഴി വരാനുള്ള സാദ്ധ്യത ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly